
● അബ്ദുൽഹമീദ് ആലപ്പുഴ




# ഓർമയിലെ കത്തും കത്തിയും

ഇസ്‌ലാമിനോടുള്ള അടങ്ങാത്ത ആവേശം കൊണ്ട് ജമാഅത്തെ ഇസ്‌ലാമിയിലെത്തിയ ആലപ്പുഴക്കാരുടെ സ്വന്തം മാമ, 90 പിന്നിടുന്ന **അബ്ദുൽഹമീദ് സാഹിബ്** രോഗശയ്യയിൽ കിടന്ന് **കെ.എസ് അശ്റഫ്, യു. ഷൈജു** എന്നിവരുമായി ഓർമകൾ പങ്കുവെക്കുന്നു.

**ജമാഅത്തിലേക്ക്**

മുസ്‌ലിംലീഗിന്റെ സജീവ പ്രവർത്തകനായിരുന്ന ഞാൻ ലീഗിന്റെ ജില്ലാ ട്രഷറർ ആയിട്ടുണ്ട്. കൊപ്ര ബിസിനസ് ഉണ്ടായിരുന്ന ഞാൻ ഒരു ദിവസം കടയിൽനിന്ന് വീട്ടിലേക്ക് പോകുമ്പോൾ ആലപ്പുഴയിലെ കെ.പി അബ്ദുർറഹീം സാഹിബിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച മദ്റസത്തു മുഹമ്മദിയ്യയിൽ ഒരു മത പ്രഭാഷണം ഉണ്ടെന്നറിഞ്ഞു. മാള അബ്ദുസ്സലാം മൗലവിയായിരുന്നു പ്രഭാഷകൻ. പ്രഭാഷണം എന്നെ നന്നായി ആകർഷിച്ചു. എന്തൊക്കെയായിരുന്നു പറഞ്ഞിരുന്നത് എന്ന് ഓർത്തെടുക്കാൻ കഴിയുന്നില്ലെങ്കിലും ഇസ്‌ലാമിനെ ഒരു സമഗ്രജീവിത വ്യവസ്ഥയായി അവതരിപ്പിക്കുന്ന ആ പ്രഭാഷണം തന്നെയാണ് എന്നെ ഇസ്‌ലാമിക പ്രസ്ഥാനത്തിൽ എത്തിച്ചത്. പ്രസ്ഥാനം ഇസ്‌ലാമിനെ പൂർണമായും പ്രതിനിധീകരിക്കുന്നുവെന്ന് മനസ്സിലാക്കിയപ്പോഴാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായത്.

പരിപാടി നടന്ന സ്ഥലത്തുനിന്ന് ഏതാനും പുസ്തകങ്ങളും ലഭിച്ചിരുന്നു. കൂടുതൽ സമയമെടുത്ത് പുസ്തകങ്ങൾ വായിച്ചു. അതോടെ അന്നത്തെ പ്രഭാഷകനെ പരിചയപ്പെടണമെന്നു തോന്നി. അങ്ങനെ അബ്ദുസ്സലാം മൗലവിയെ ബന്ധപ്പെട്ടു. തെക്കൻ കേരളത്തിലെ മുഴുസമയ പ്രവർത്തകനായതുകൊണ്ട് അദ്ദേഹത്തെ കാണാൻ പ്രയാസമുണ്ടായില്ല. ഇസ്‌ലാമിനെക്കുറിച്ച് പറയാനും പഠിപ്പിക്കാനും ജീവിതം സമർപ്പിച്ച അദ്ദേഹത്തിന്റെ ത്യാഗസന്നദ്ധത ഇന്നും ഓർമയിലുണ്ട്.



കെ.അബ്ദുസ്സലാം മൗലവി മാള

അബ്ദുസ്സലാം മൗലവിയുമായുള്ള ചങ്ങാത്തം വല്ലാത്തൊരു അടുപ്പമായി മാറി. ഒരു ദിവസം രാത്രി കിടക്കാനായി മൗലവി ആലപ്പുഴ മസ്താൻ പള്ളിയിലെത്തി. കിടക്കാൻ തയാറെടുക്കുന്നതുകണ്ട് മുക്രി വന്ന് ദേഷ്യപ്പെട്ടു: 'ഇവിടെ കിടക്കാൻ പറ്റില്ല. ഇത് കിടക്കാനുള്ള സ്ഥലമല്ല.' മുക്രി മൗലവിയെ പിടിച്ചെഴുന്നേൽപിക്കാനും ശ്രമിച്ചു. മൗലവി അരയിലെ തന്റെ ബെൽറ്റിൽനിന്ന് ചില്ലറയെടുത്ത് മുക്രിക്കു നൽകി. ഇതോടെ മുക്രി ശല്യമുണ്ടാക്കാതെ മടങ്ങി. മൗലവിയുമായുള്ള അടുപ്പത്തിൽ ആലപ്പുഴയിലെ പല ക്ലാസുകളും എന്റെ വീട്ടിൽ വച്ചായിരുന്നു നടന്നത്.

അന്ന് മുസ്‌ലിംകളുടെ ഉന്നമനത്തിനുവേണ്ടി നിലനിന്നിരുന്ന പാർട്ടിയായിരുന്നു ലീഗ്. സി.എച്ച് മുഹമ്മദ് കോയ ഒരുപാടു തവണ ആലപ്പുഴയിൽ വന്നിട്ടുണ്ട്. അപ്പോഴൊക്കെ പ്രസംഗം കേൾക്കാൻ പോകുമായിരുന്നു. മുസ്‌ലിംകളുടെ അവസ്ഥയെക്കുറിച്ചാണ് സി.എച്ച് പ്രസംഗിക്കുക. മുസ്‌ലിം എന്ന നാമം നിലനിർത്തണം എന്ന് സി.എച്ച് എല്ലാ പ്രസംഗങ്ങളിലും പറയും. അങ്ങനെയാണ് ഞാൻ മുസ്‌ലിം ലീഗ് പ്രവർത്തകനായി മാറിയത്. ആലപ്പുഴ പുത്തനങ്ങാടിയിലെ അന്നത്തെ ലീഗ് ഓഫീസിന്റെ വാടകകുടിശ്ശിക തീർത്തത് ഞാൻ ഒറ്റക്ക് നടന്ന് പിരിച്ചായിരുന്നു. മുസ്‌ലിം സമൂഹത്തിന്റെ അഭിമാനം നിലനിർത്തണമെന്ന അന്നത്തെ ലീഗിന്റെ കാഴ്ചപ്പാട് മാറിത്തുടങ്ങിയതും എന്നെ മാറി ചിന്തിപ്പിച്ചു. ഇന്ന് ലീഗ് സമ്പന്നരുടെ കൂടെ നിൽക്കുന്ന പാർട്ടിയായി. അന്നത്തെ നേതാക്കളുടെ ആത്മാർഥത ഇന്ന് ഇല്ലാതെ വന്നതാണ് ലീഗ് തകർച്ച നേരി

ടാൻ കാരണം. മുമ്പ് നേതാക്കളും അണികളും സ്വാർഥതയില്ലാതെയാണ് പ്രവർത്തിച്ചത്. സമുദായത്തെ സഹായിക്കുന്നതിന് അവർ ഓടിനടന്നു. ഇന്ന് വെറും അധികാര രാഷ്ട്രീയമായി മാറി. ഇത് കാണുമ്പോൾ ഏറെ വിഷമം തോന്നുന്നു.

എന്റെ വീട്ടിൽ അബ്ദുസ്സലാം മൗലവിയുടെ ക്ലാസ് ഉള്ള ദിവസം ലീഗിന്റെ ഒരു പരിപാടിയുണ്ടായിരുന്നു. ഞാൻ അതിൽ പങ്കെടുക്കേണ്ടതുണ്ട്. കായംകുളത്തുവെച്ച് ലീഗ് നേതാവ് പി.കെ കുഞ്ഞുസാഹിബിന് ഒരു സ്വീകരണ പരിപാടിയായിരുന്നു. വിവരം ഞാൻ മൗലവിയോട് പറഞ്ഞു. അങ്ങനെ ഞങ്ങൾ ആ പരിപാടിക്ക് പോയി. പരിപാടി കഴിഞ്ഞ് മൗലവി എന്നോടു ആലപ്പുഴയിൽ ഒരു ഹംദർദ് ഹൽഖ രൂപീകരിക്കാം എന്നു പറഞ്ഞു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾതന്നെ അത് നടന്നു.

**ആദ്യകാല പ്രവർത്തകർ**

ആദ്യ ഹൽഖാ ഓഫീസ് പുത്തനങ്ങാടിയിലെ ഒരു കടയുടെ മുകളിലായിരുന്നു. അന്നത്തെ എല്ലാ പ്രവർത്തകരെയും കൃത്യമായി പറയാൻ കഴിയില്ല. ഇബ്റാഹീം സാഹിബ്, മുഹമ്മദ് ഹസൻ, മുഹമ്മദ് യൂസുഫ്, മുഹമ്മദ് റശീദ്, മുഹമ്മദ് ത്വയ്യിബ്, ഖാസിം.... ഇങ്ങനെ പലരുമുണ്ടായിരുന്നു. ഇതിൽ ചിലരൊക്കെ പ്രവർത്തനം വിട്ടു. ഞങ്ങളുടെ ഓഫീസ് പ്രവർത്തനം പല സ്ഥലങ്ങളിലായിട്ടായിരുന്നു. ആലപ്പുഴയിലെ പുത്തനങ്ങാടി, ബീച്ച്, സക്കരിയാ ബസാർ എന്നിവിടങ്ങളിൽ മാറിമാറി പ്രവർത്തിച്ചിരുന്നു. നീർക്കുന്നത്തെ പി.എം കോയാ സാഹിബ് ആലപ്പുഴയിൽ മരുന്നുകട നടത്തിയിരുന്നു. ഈ കടയിലും ഞങ്ങൾ യോഗം ചേർന്നിട്ടുണ്ട്. കോയാ സാഹിബ് പിന്നീട് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആലപ്പുഴ ജില്ലയിലെ നെടുംതൂണായി പ്രവർത്തിച്ചു.

**എതിർപ്പുകൾ**

കാര്യമായ എതിർപ്പുകളൊന്നും ഇവിടെ ഉണ്ടായിരുന്നില്ല. പുറത്തിറങ്ങിയാൽ നാട്ടുകാർ പലതും പറയും. ചിലപ്പോൾ ചിലർ ചോദ്യങ്ങൾ ചോദിക്കും 'നീ ചെറുപ്പമാണ്. പെട്ടെന്നുള്ള ആവേശത്തിനാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്. പിന്മാറുന്നതാണ് നല്ലത്' എന്ന് ഉപദേശിച്ചവരുമുണ്ടായിരുന്നു. നീ ദീനിന്റെ കണ്ഠകോടാലിയാണ് എന്നു പറഞ്ഞവരുണ്ട്.

ആലപ്പുഴ ഇർശാദ് പള്ളിയിൽ പ്രവർത്തിച്ചിരുന്ന പല സുന്നീ പണ്ഡിതരും ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് രാജിവെക്കാൻ എന്നെ ഉപദേശിക്കുമായിരുന്നു. പതി അബ്ദുൽഖാദിർ മുസ്‌ലിയാർ, ഇടവാ ഇസ്ഹാഖ് മുസ്‌ലിയാർ എന്നിവർ വീട്ടിൽവന്ന് ചോദ്യങ്ങൾ ചോദിച്ച് കുഴക്കാൻ ശ്രമിച്ചിട്ടുണ്ട്. പുസ്തക വായന ഉണ്ടായിരുന്നതിനാൽ ഞാൻ കൃത്യമായ ഉത്തരങ്ങൾ പറയും. ഞാൻ ആരുടെയും താൽപര്യംകൊണ്ട് ജമാഅത്തിൽ ചേർന്നതല്ലെന്നും നന്നായി പഠിച്ച് മനസ്സിലാക്കി ചെയ്തതാണെന്നും പറഞ്ഞാണ് അവരെ മടക്കി അയക്കാറ്.

ഒരു ദിവസം ഒരു ഊമക്കത്ത് വന്നു! 'ജമാഅത്തിൽനിന്നും മാറിയില്ലെങ്കിൽ കൊന്നു കളയും' എന്നായിരുന്നു കത്തിലുണ്ടായിരുന്നത്. കത്ത് കിട്ടിയത് ഭാര്യയുടെ കൈയിൽ. കത്ത് വായിച്ച അവൾ നിലവിളി തുടങ്ങി. അവളെ ഒരുവിധത്തിൽ സമാധാനിപ്പിച്ചു.

അടുത്തദിവസം ആലുവയിലെ സെയ്തുമുഹമ്മദ് സാഹിബ് ഒരാളെയും കൂട്ടി വീട്ടിൽവന്നു. അദ്ദേഹത്തിന്റെ ബാഗും സാധനങ്ങളും വീട്ടിൽ വച്ച് ഞങ്ങൾ പള്ളിയിൽ പോയി. തിരികെ വന്നപ്പോൾ ഭാര്യ പറഞ്ഞു: 'അയാളെ വീട്ടിൽ കിടത്താൻ പറ്റില്ല' കാരണം ചോദിച്ചപ്പോൾ അവൾ പറഞ്ഞു: അയാളുടെ ബാഗിൽ ഒരു കത്തിയുണ്ട്. ഞങ്ങൾ പള്ളിയിൽ പോയപ്പോൾ അവൾ ബാഗ് തുറന്നു നോക്കിയിരുന്നു. കാര്യം മനസ്സിലായ അദ്ദേഹം പള്ളിയിൽ പോയി കിടന്നു. കത്ത് വന്ന ശേഷം ഭാര്യക്ക് വലിയ പേടിയായിരുന്നു. അബ്ദുസ്സലാം മൗലവിയുടെ സംസാരമാണ് അവളുടെ ഭയം കുറച്ചത്.

ഒരു ദിവസം സന്ധ്യാസമയം ക്ലാസ് എടുക്കുന്നതിന് മൊയ്തുമൗലവിയെയുമായി ആറാട്ടുപുഴക്ക് പോവുകയായിരുന്നു. ഞങ്ങളുടെ കൂടെ സിനിമാ സംവിധായകൻ ഫാസിലിന്റെ പിതാവ് ആർ. അബ്ദുൽഹമീദ് റാവുത്തറും ഹൽഖയിലെ പ്രവർത്തകരായിരുന്ന ഇബ്റാഹിം സാഹിബും ഖാസിം സാഹിബുമുണ്ടായിരുന്നു. ആറാട്ടുപുഴ ജംഗ്ഷനിലെ പ്രസംഗം കഴിഞ്ഞശേഷം മൊയ്തുമൗലവിയുടെ അടുത്ത് ഒരാൾ ഒരു മീൻവല കൊടുത്തിട്ട് ഊതി നൽകാൻ പറഞ്ഞു. മൗലവി വല വാങ്ങി ഊതും പോലെ കാട്ടി തിരികെ നൽകി. പകരം അയാൾ മൗലവിക്ക് പൈസ നൽകിയപ്പോൾ മൗലവി അതു വാങ്ങാതെ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്ന രണ്ടു പുസ്തകങ്ങൾ അയാൾക്കു നൽകി.

**വായന**

ഞങ്ങളുടെ പഠനം പ്രധാനമായും വായനയിലൂടെയായിരുന്നു. ഒരു പുസ്തകം കിട്ടിയാൽ ഞങ്ങൾ ആവേശത്തോടെ ഒന്നിച്ചിരുന്ന് വായിക്കും. പല ബുക്കുകളും ഞാൻ സ്വന്തമായി വാങ്ങുമായിരുന്നു. ഇപ്പോഴും പുസ്തകങ്ങൾ വാങ്ങാറുണ്ട്. വായിക്കാൻ ആഗ്രഹമുള്ളതുകൊണ്ട് പ്രയാസപ്പെട്ടിട്ടാണെങ്കിലും വായിക്കും. അന്നൊക്കെ സുബ്ഹിന്റെ സമയത്താണ് ഹൽഖാ യോഗങ്ങൾ ചേർന്നിരുന്നത്. എല്ലാവരും കൃത്യസമയത്ത് എത്തും. പ്രധാന പരിപാടി ഇസ്‌ലാമിക സാഹിത്യ പഠനം തന്നെ.

**ആദ്യകാല പ്രവർത്തനങ്ങൾ**

പ്രവർത്തനങ്ങൾക്ക് പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലായിരുന്നു. ഏതു പാതിരാവിൽ വിളിച്ചാലും പ്രവർത്തകർ റെഡിയാണ്. ഏതു കാര്യങ്ങൾക്കുമപ്പുറം പ്രസ്ഥാന നിർദേശങ്ങൾ നടപ്പിലാകുന്നതാണ് പ്രധാനം. ഒരു യോഗത്തിൽ പങ്കെടുക്കണമെങ്കിൽ കിലോമീറ്ററുകൾ മണിക്കൂറുകളെടുത്ത് സഞ്ചരിച്ചാണ് പോകുന്നത്. പ്രസ്ഥാനത്തിന്റെ ഇന്നത്തെ ഉയർച്ചക്ക് കാരണവും പഴയകാല പ്രവർത്തകരുടെ ത്യാഗം തന്നെയാണ്.

സ്വഹാബിമാരുടെ കാലത്തെപ്പോലെയായിരുന്നു അന്ന് പ്രവർത്തകർ തമ്മിലെ സാഹോദര്യബന്ധം. പ്രയാസങ്ങൾ പരസ്പരം പങ്കുവെച്ച് പരിഹരിക്കുമായിരുന്നു.

ഞങ്ങൾ ആലപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനങ്ങൾക്കായി സഞ്ചരിക്കുമായിരുന്നു. പുന്നപ്ര, നീർക്കുന്നം, ആറാട്ടുപുഴ, കായംകുളം, ഓച്ചിറ, ക്ലാപ്പന, വടുതല, അരൂർ.... ഇങ്ങനെ പല സ്ഥലങ്ങളിലും. അൽഹംദുലില്ലാഹ്, ഇന്ന് ആലപ്പുഴയിൽ പ്രസ്ഥാനം പച്ചപിടിക്കുന്നുണ്ട്.

പ്രസ്ഥാനപ്രവർത്തനാവശ്യാർഥം കെട്ടിപ്പെടുത്തതാണ് ആലപ്പുഴ മർകസ്. ഈ സ്ഥാപനം വന്നതിനു ശേഷം മർകസ് തന്നെയായിരുന്നു ജമാഅത്തിന്റെ പ്രവർത്തന കേന്ദ്രം. ഇന്നും അത് തുടരുന്നു. മർകസിൽ സ്ഥാപിച്ച മദ്റസക്ക് ആലപ്പുഴയിൽ ആദ്യമൊക്കെ എതിർപ്പായിരുന്നുവെങ്കിലും പിന്നീട് നല്ല അംഗീകാരമാണ് കിട്ടിയത്. മർകസ് സ്ഥാപിക്കുന്നതിനുള്ള ഫണ്ടിനു വേണ്ടി കെ.സി അബ്ദുല്ലമൗലവിയുമൊത്താണ് ഞാൻ റാബിത്വയുടെ ദൽഹി ഓഫീസിൽ പോയത്. മർകസ് കേന്ദ്രീകരിച്ചാണ് പ്രസ്ഥാനത്തിന്റെ എല്ലാ പോഷക ഘടകങ്ങളും പ്രവർത്തിക്കുന്നത്. പള്ളി, മദ്റസ, ഇംഗ്ലീഷ് സ്കൂൾ തുടങ്ങി

യവയൊക്കെ അവിടെയുണ്ട്.

### ദക്ഷിണ കേരള സമ്മേളനം

ആലപ്പുഴ ലജ്നതുൽ മുഹമ്മദിയ്യയിൽ വെച്ചായിരുന്നു ജമാഅത്തെ ഇസ്‌ലാമി ദക്ഷിണകേരള സമ്മേളനം. സമ്മേളനം വിജയിപ്പിക്കുക എന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു. പ്രവർത്തകർ നന്നായി അധ്വാനിച്ചു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അഖിലേന്ത്യാ തലത്തിലും ഉണ്ട് എന്ന് ആളുകളോട് പറയാൻ വലിയ അഭിമാനമായിരുന്നു. പ്രധാന അതിഥി അഖിലേന്ത്യാ അമീർ മൗലാനാ യൂസുഫ് സാഹിബായിരുന്നു. അദ്ദേഹവുമായി അടുത്തു പെരുമാറാൻ കിട്ടിയ നല്ല അവസരമായിരുന്നു അത്. അബുല്ലൈസ് സാഹിബ് ഉൾപ്പെടെ ഒരുപാട് നേതാക്കൾ വന്നിരുന്നു.

ഇവിടെ വരുന്ന പ്രസ്ഥാന നേതാക്കൾ പലരും വീട്ടിൽ തന്നെയാണ് തങ്ങാറ്. ഇതുവഴി കൂടുതൽ ചർച്ചക്ക് അവസരങ്ങൾ ലഭിച്ചിരുന്നു. ഒരുദിവസം മുറിയിൽ കിടന്നിട്ട് എനിക്ക് ഉറക്കം വരുന്നില്ല. ലൈറ്റിട്ട് ഞാൻ എഴുന്നേറ്റിരുന്നു. പന്ത്രണ്ടു മണിയായിട്ടുണ്ടാകും. ആരൊക്കെയോ ഇവിടെ വരും എന്ന് മനസ്സ് പറഞ്ഞു. അപ്പോഴാണ് വീട്ടിന്റെ മുറ്റത്ത് കുറച്ച് പേർ നിൽക്കുന്നത് കണ്ടത്. അഞ്ചു പേരാണ് എന്നാണ് ഓർമ. ടി.കെ അബ്ദുല്ല, കെ.എൻ അബ്ദുല്ല മൗലവി എന്നിവരുണ്ടായിരുന്നതായി ഓർക്കുന്നു. ഹമീദ് സാഹിബ് ഉറങ്ങിയോ എന്ന് ചോദിച്ചുകൊണ്ടാണ് അവർ വന്നത്. 'കാഞ്ഞിരപ്പള്ളിയിൽ ഒരു പരിപാടി കഴിഞ്ഞ് വരികയാണ്. ഇവിടെ ഇറങ്ങിയിട്ട് പോകാമെന്ന് കരുതി' ടി.കെ പറഞ്ഞു. 'ഞാൻ നിങ്ങളെ പ്രതീക്ഷിച്ചിരിക്കുകയാണ്' എന്ന് ഞാനും. നിങ്ങൾക്കെന്താ വഹ്‌യ് കിട്ടിയോ എന്നായി ടി.കെ. അതെ എന്ന് ഞാനും പറഞ്ഞു. അരമണിക്കൂറിനുള്ളിൽ അവർക്കുള്ള ഭക്ഷണം തയാറാക്കി.

ആലപ്പുഴയിലെ മുസ്‌ലിംകളുടെ ഒരു കേന്ദ്രമായി സ്ഥാപിച്ചതായിരുന്നു ലജ്നതുൽ മുഹമ്മദിയ്യ. ഇന്ന് അതിന്റെ കീഴിൽ ഹയർ സെക്കന്ററി സ്കൂളടക്കം നിരവധി സംരംഭങ്ങളുണ്ട്. ഒരിക്കൽ ലജ്നത്തിൽ ഒരു നബിദിന പ്രഭാഷണം നടത്തി. സംസാരിക്കാൻ ടി.കെ അബ്ദുല്ല യെയാണ് ക്ഷണിച്ചത്. ടി.കെ ഇതിൽ പങ്കെടുക്കാൻ ബസ്സിറങ്ങി സ്റ്റാന്റിൽനിന്നും നടന്ന് പഴയങ്ങാടി ക്രിസ്ത്യൻ പള്ളിക്കു സമീപം എത്തി. അവിടെ കയറി ഫാദറിനോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഞാൻ കാണുന്നത്.

### അടിയന്തരാവസ്ഥ

അടിയന്തരാവസ്ഥ പ്രഖ്യാപനം നടക്കുമ്പോൾ ലജ്നത്തിലായിരുന്നു ഓഫീസ് പ്രവർത്തിച്ചിരുന്നത്. പോലീസ് വന്ന് ഓഫീസ് പൂട്ടി. ഓഫീസിലെ സാമഗ്രികൾ എടുത്തുകൊണ്ടുപോയി. നാട്ടിൽ ഞങ്ങളെക്കുറിച്ച് പേടിപ്പിക്കുന്ന തരത്തിൽ വർത്തമാനങ്ങളുണ്ടായി. എന്നെയും നീർക്കുന്നം അസീസ് സാഹിബിനെയും ഡി.വൈ.എസ്.പി ഓഫീസിൽ വിളിച്ചുവരുത്തി. അന്നത്തെ ആലപ്പുഴ ഡി.വൈ.എസ്.പി ശംസുദ്ദീൻ ആയിരുന്നു. ഞങ്ങളോട് പറഞ്ഞു: 'ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് പിന്മാറി എന്ന് എഴുതിത്തരണം.' അതു സാധ്യമല്ലെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞു. പകരം 'ഇന്ത്യൻ ഭരണഘടനക്ക് വിരുദ്ധമായി ഒന്നും ചെയ്യില്ല' എന്ന് എഴുതി നൽകി. ഇതോടെ ഞങ്ങളെ വിട്ടയച്ചു. നാട്ടിൽ ആളുകൾ പറഞ്ഞു പരത്തി ഞങ്ങൾ ജമാഅത്തിൽനിന്ന് രാജിവെച്ചു എന്ന്. ഇത് വലിയ തോതിൽ പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ അടിയന്തരാവസ്ഥക്കു ശേഷം നിരോധനം പിൻവലിച്ചിട്ടും ലജ്നത്തിലെ ഓഫീസ് അവിടെ പ്രവർത്തിക്കാൻ അനുവദിച്ചില്ല.

### പുതിയ തലമുറയോട്

ഞാൻ 1960-ൽ ജമാഅത്തിൽ അംഗമായതാണ്. അന്നത്തെ പ്രവർത്തകരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ ഇന്നത്തെ പ്രവർത്തകർ പഠിക്കേണ്ടതും പകർത്തേണ്ടതുമാണ്. ജമാഅത്തിനെക്കുറിച്ച് അറിയാത്തവർ കുറവാണ്. ഇത് മനസ്സിലാക്കി ജനങ്ങളുമായി നല്ലബന്ധം നിലനിർത്തണം. പണ്ട് സ്കോഡ് പ്രവർത്തനങ്ങളിലൂടെയാണ് ജനങ്ങളുമായി ബന്ധപ്പെട്ടിരുന്നത്. ഇത് കൂടുതൽ സജീവമാക്കണം. വായന ഒരു പ്രധാന ശീലമാക്കണം, ഒരിക്കലുമത് കൈവിടരുത്. ദീനീ അടിത്തറയിൽ നിന്ന് പ്രവർത്തിക്കണമെങ്കിൽ വായന അനിവാര്യമാണ്. വായനയിലൂടെയാണ് നമുക്ക് കൂടുതൽ പഠിക്കാൻ കഴിയുക. അല്ലാഹു ഇസ്‌ലാമിക മാർഗത്തിലുള്ള നമ്മുടെ പ്രവർത്തനങ്ങൾ വിജയിപ്പിച്ചു തരുമാറാകട്ടെ. ■